**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)യുടെ വികസനത്തിനായി ഡയറക്ട് പർച്ചേസിലൂടെ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 217/2017/തസ്വഭവ. തിരുവനന്തപുരം, തീയതി,25.01.2017.

---

പരാമർശം:- 1. 26.02.2016 ലെ സ.ഉ. (സാധാ) നം. 1512/2016/ആർ.ഡി

2. കില ഡയറക്ടറുടെ കില -എ 1/2016/101/588 നമ്പർ കത്ത്.

3. തൃശ്ശൂർ ജില്ലാ കളക്ടറുടെ 26.05.2016 ലെ ഇ 4 – 77391/2014 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ കില്ലന്നൂർ വില്ലേജിൽ സർവേ നം. 538/IP, 539/IP, 540/IP, 543/IP, 539/3 എന്നിവയിൽ ഉൾപ്പെടുന്ന 366.35 ആർ ഭൂമി കിലയുടെ വികസനത്തിനായി ഏറ്റെടുക്കുന്നതിന് അനുമതി നൽകി പരാമർശം -1 പ്രകാരം ഉത്തരവായിരുന്നു. LARR Act 2013 പ്രകാരം നെഗോസിയേഷൻ മുഖേന ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാലും, കാലതാമസം നേരിടുന്ന പക്ഷം ഭൂഉടമസ്ഥൻ ക്രയവിക്രയത്തിൽ നിന്ന് പിൻമാറുമെന്ന് അറിയിച്ചിട്ടുള്ളതിനാലും, കിലയുടെ വികസനത്തിന് അത്യാവശ്യമായ മേൽ സർവേ നമ്പരുകളിൽ ഉൾപ്പെടുന്ന ഭൂമി ഡയറക്ട് പർച്ചേയ്സിലൂടെ ഏറ്റെടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം കില ഡയറക്ടർ അപേക്ഷിച്ചിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ ഫണ്ട് ലാന്റ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റിൽ 'കില' അടച്ചിട്ടുണ്ടെന്നും ഭൂമി സെന്റൊന്നിന് 3,00,000/- രൂപ നിരക്കിൽ വിട്ട് നൽകുന്നതിന് ഭൂവുടമയായ ശ്രീമതി. സുഹറ മുതൽ പേർ സമ്മതം നൽകിയിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ ടി ഭൂമി ഡയറക്ട് പർച്ചേയ്സിലൂടെ ഏറ്റെടുക്കുന്നതിന് അംഗീകാരം നൽകണമെന്നും പരാമർശം (3) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ കില്ലന്നൂർ വില്ലേജിൽ സർവേ നം. 538/IP, 539/IP, 540/IP, 543/IP, 539/3 എന്നിവയിൽ ഉൾപ്പെടുന്ന 366.35 ആർ ഭൂമി കിലയുടെ വികസനത്തിനായി ഡയറക്ട് പർച്ചേസ് വഴി വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ്ഥലം ഏറ്റെടുക്കുന്ന വിഷയം സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി ഡിസ്ട്രിക്ട് ലെവൽ പ്ലാനിംഗ് കമ്മിറ്റി നിർദ്ദേശിക്കും പ്രകാരമുള്ള വില നിശ്ചയിച്ച് തൃശ്ശൂർ ജില്ലാ കളക്ടറുടെ ശുപാർശയോടുകൂടി ഇത് സംബന്ധിച്ച് പ്രൊപ്പോസൽ കില ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ. എസ്. ബിന്ദു
അണ്ടർ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം,
ജില്ലാ കളക്ടർ, തൃശ്ശൂർ
ഡയറകടർ, കില
റവന്യൂ (ബി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് & ന്യൂ മീഡിയ)
എക്സിക്യുട്ടീവ് ഡയറകടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ